സ.ഉ.(സാധാ) നം.2379/2022/LSGD

"ഭരണഭാഷ മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് -തദ്ദേശസ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള ആസ്തി രജിസ്റ്റർ കാലികമാക്കുന്ന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിനും ഇതിന്റെ രീതിശാസ്ത്രം നിശ്ചയിക്കുന്നതിനുമായി കമ്മിറ്റി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ(ഡി.ബി) വകുപ്പ്

സ.ഉ.(സാധാ) നം.2379/2022/LSGD തീയതി,തിരുവനന്തപുരം, 29-09-2022

പരാമർശം:- 1. 05/07/2022 തീയതിയിലെ സ.ഉ(സാധാ) നം. 1602/2022/തസ്വഭവ നമ്പർ ഉത്തരവ് .

2. 10/08/2022 തീയതിയിലെ എസ്.ആർ.ജി കൺവീനറുടെ 505/എസ്.ആർ.ജി/2022 നമ്പർ കത്ത്.

ഉത്തരവ്

തദ്ദേശഭരണ സ്ഥാപനങ്ങൾക്കുള്ള മെയിന്റനൻസ് ഫണ്ട് വിഹിതം ആസ്തികളുടെ സ്ഥിതിവിവരക്കണക്കുകളെ അടിസ്ഥാനമാക്കി വിഭജിച്ച് നൽകണമെന്ന് ആറാം സംസ്ഥാന ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്തിരുന്നു. ഈ ശുപാർശ സർക്കാർ അംഗീകരിക്കുകയും 2022-2 3 വർഷത്തെ മെയിന്റനൻസ് ഫണ്ട് വിഹിതം തദ്ദേശഭരണ സ്ഥാപനങ്ങൾ ലഭ്യമാക്കിയ സ്ഥിതിവിവരക്കണക്കുകളെ അടിസ്ഥാനമാക്കി, വിഭജിച്ച് സംസ്ഥാന ബജറ്റിന്റെ അനുബന്ധം IV ൽ വകയിരുത്തുകയും ചെയ്തിരുന്നു. എന്നാൽ വിഹിതത്തിൽ വലിയ വ്യതിയാനം ഉണ്ടായിട്ടുള്ളതായും സ്ഥിതിവിവരക്കണക്കുകളിലെ പോരായ്മകൾ പരിഹരിക്കുന്നതിന് ഒരവസരം നൽ കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് നിരവധി തദ്ദേശഭരണ സ്ഥാപനങ്ങൾ സർക്കാരിന് നിവേദനം നൽകുകയുണ്ടായി, ഈ ആവശ്യം സർക്കാർ പരിശോധിക്കുകയും സ്ഥിതിവിവരക്കണക്കുകളിൽ ന്യൂനത ഉണ്ടോ എന്ന് പരിശോധിച്ച് അവ കുറ്റമറ്റതാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് പ്രഖ്യാപിക്കുകയും ഒപ്പം, 2022-23 വർഷത്തെ മെയിന്റനൻസ് ഫണ്ട് പ്രോജക്ടുകൾ, 2020-21-ലെ വിഹിതത്തിന് ആനുപാതികമായി കണക്കാക്കുന്ന താൽക്കാലിക വിഹിതത്തിന് അനുസൃതമായി തയ്യാറാക്കാൻ പരാമർശം (1) ഉത്തരവ് പ്രകാരം നിർദ്ദേശം നൽകുകയും ചെയ്തിരുന്നു.

2. ആറാം സംസ്ഥാന ധനകാര്യ കമ്മീഷൻ തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നും ശേഖരിച്ച ആസ്തികളുടെ സ്ഥിതിവിവരക്കണക്കുകളിൽ ന്യൂനത ഉണ്ടോ എന്ന് പരിശോധിച്ച് അവ കുറ്റമറ്റതാക്കുന്ന പ്രക്രിയ സമയബന്ധിതമായി പൂർത്തിയാക്കേണ്ടതും ഒപ്പം ആസ്തി രജിസ്റ്റർ കാലികമാക്കുകയും ചെയ്യേണ്ടതുണ്ട്. ഈ വിഷയം 2022 ജൂലൈ 14-ന് കൂടിയ സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് യോഗത്തിൽ ചർച്ച ചെയ്യുകയും താഴെപ്പറയുന്ന ശുപാർശകൾ പരാമർശം (2) പ്രകാരം എസ്.ആർ.ജി കൺവീനർ സർക്കാരിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിരിക്കുന്നു.

(A) തദ്ദേശഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള ആസ്തി രജിസ്റ്റർ കാലികമാക്കുന്ന

പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിനും ഇതിന്റെ രീതിശാസ്ത്രം നിശ്ചയിക്കുന്നതിനുമായി ചുവടെ പറയും പ്രകാരം ഒരു കമ്മിറ്റിക്ക് രൂപം നൽകാവുന്നതാണ്.

1	പ്രിൻസിപ്പൽ ഡയറക്ടർ തദ്ദേശസ്വയംഭരണ വകുപ്പ്	-	ചെയർപേഴ്സൺ
2	തദ്ദേശസ്വയംഭരണ വകുപ്പ് ഡയറക്ടർ - റൂറൽ	-	അംഗം
3	തദ്ദേശസ്വയംഭരണ വകുപ്പ് ഡയറക്ടർ - അർബൻ	-	അംഗം
4	ഡയറക്ടർ ജനറൽ, കില		അംഗം
5	എക്സിക്യൂട്ടിവ് മീഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ	-	അംഗം
6	ചീഫ്, വികേന്ദ്രീകൃതാസൂത്രണ വിഭാഗം, സംസ്ഥാന ആസൂത്രണ ബോർഡ്	-	അംഗം
7	ജോയിന്റ് സെക്രട്ടറി, ധനകാര്യ (എസ്.എഫ്.സി-എ) വകുപ്പ്	-	അംഗം
8	പ്രൊഫ.പി.കെ. രവീന്ദ്രൻ, മെമ്പർ, എസ്.ആർ.ജി.	-	അംഗം
9	ശ്രീ. റ്റി.സുരേഷ്ബാബു, മെമ്പർ, എസ്.ആർ.ജി.	-	അംഗം
10	ശ്രീ. നന്ദകുമാർ.സി, മെമ്പർ, എസ്.ആർ.ജി.	-	അംഗം
11	ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ് (LD & E Wing)	-	കൺവീനർ

B. കമ്മിറ്റിയുടെ പരിഗണനാ വിഷയങ്ങൾ താഴെപ്പറയുന്നു

(i) തദ്ദേശഭരണ സ്ഥാപനങ്ങളുടെ ആസ്തി രജിസ്റ്റർ കാലികമാക്കുകയും ഡിജിറ്റൈസേഷൻ നടത്തുകയും ചെയ്യുന്ന പ്രവർത്തനങ്ങളുടെ രീതിശാസ്ത്രം നിശ്ചയിക്കുകയും മേൽനോട്ടം വഹിക്കുകയും ചെയ്യുക.

(ii) ആറാം സംസ്ഥാന ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്ത മാനദണ്ഡങ്ങൾ പ്രകാരം ഫണ്ട് വിഭജിച്ച് നൽകുന്നതിനുള്ള സഞ്ചിത വിവരശേഖരം കുറ്റമറ്റ രീതിയിൽ തയ്യാറാക്കുക.

(C) തദ്ദേശഭരണ സ്ഥാപനങ്ങളിലെ ആസ്തി രജിസ്റ്ററിലെ സ്ഥിതി വിവരക്കണക്കുകൾ വിശകലനം ചെയ്യുന്നതിനും കുറ്റമറ്റരീതിയിൽ സഞ്ചിത വിവരശേഖരം തയ്യാറാക്കുന്നതിനുമായി രണ്ട് ഡാറ്റാ അനലിസ്റ്റുമാരുടെ സേവനം മൂന്ന് മാസത്തേയ്ക്ക് നിയോഗിക്കാവുന്നതും കിലയ്ക്കുള്ള പദ്ധതി വിഹിതത്തിൽ നിന്നും വേതനം നൽകാവുന്നതുമാണ്. കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ എന്നിവയ്ക്കും കമ്മിറ്റിയുടെ പ്രവർത്തനങ്ങൾക്കും ആവശ്യമായ ചെലവുകൾ കിലയിൽ നിന്നും വഹിക്കാവുന്നതാണ്.

(D) മേൽ വിവരിച്ച പ്രവർത്തനങ്ങൾ 2022 നവംബർ 15-നകം പൂർത്തിയാക്കി സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും മുകളിൽ പറഞ്ഞിരിക്കുന്ന പ്രകാരം കമ്മിറ്റി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്യുന്നു. ആസ്തിവിവര പട്ടിക ഉണ്ടായിക്കഴിഞ്ഞാൽ അത് പ്രാദേശിക സർക്കാർ തലത്തിൽ പരിശോധിക്കുകയും എൻഡോഴ്സ് ചെയ്യുകയും ചെയ്യുന്ന പ്രവർത്തനം കൂടി മോനിറ്റർ ചെയ്യുന്നതിനും പ്രവർത്തനം സംബന്ധിച്ച രീതിശാസ്ത്രത്തിന്റെ കരട് അടിയന്തരമായി തയ്യാറാക്കി സമർപ്പിക്കുന്നതിനും സമിതിക്ക് നിർദ്ദേശം നൽകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

കൺവീനർ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, പ്ലാനിംഗ് ബോർഡ്, പട്ടം. തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ജി &എസ്,എസ്.എ), കേരളം, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഇൻഫർമേഷൻ ഓഫീസർ, വെബ്& ന്യൂ മീഡിയ വിംഗ്, ഐ&പി.ആർ.ഡി
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Reenamma P A
Date: 30-09-2022 13:38:31
സെക്ഷൻ ഓഫീസർ